## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1008 05.02.2020-ൽ മറുപടിക്ക്**

## വ്യാപാരി പെൻഷൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ. ജോസഫ് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യാപാരി പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയിട്ടുള്ള ദേശീയ വ്യാപാരി പെൻഷൻ പദ്ധതിയിൽ സംസ്ഥാനത്ത് എൻറോൾമെന്റ് ആരംഭിച്ചിട്ടുണ്ട്. വാർഷിക വിറ്റ് വരവ് ഒന്നര കോടിയിൽ കവിയാത്ത ചെറുകിട വ്യാപാരികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കുമായിട്ടുള്ള പ്രസ്തുത പദ്ധതി National Pension Scheme for Traders and Self Employed Persons (NPS Traders)-2019 സെപ്റ്റംബർ 12-ന് ഔപചാരികമായി ആരംഭിച്ചു. ഈ പദ്ധതിയിൽ 18-നും 40-നുമിടയിൽ പ്രായമുള്ളവർക്ക് അംഗമാകാവുന്നതും അംശദായ അടവ് പ്രായപരിധിയ്ക്ക് അനുസരിച്ച് 55 മുതൽ 200 രൂപ വരെയുമാണ്. |
| (ബി) | വ്യാപാരികൾക്കായി പ്രഖ്യാപിച്ചിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി എപ്രകാരമാണ് സംസ്ഥാനത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) വ്യാപാരി പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി വർക്ക് പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിലേക്കുള്ള എൻറോൾമെന്റ് ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷൻ ആയിട്ടുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഇംപ്ലിമെന്റിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസുകൾ മുഖേനയും അസിസ്റ്റന്റ് ലേബർ ഓഫീസുകൾ മുഖേനയും പദ്ധതിയെക്കുറിച്ച് പ്രചരണം നടത്തി വരുന്നുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത് ഏതു രീതിയിലാണെന്ന് അറിയിക്കാമോ; ജി.എസ്.ടി. യിൽ ഉള്ളവർക്കും ഇല്ലാത്തവർക്കും പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഗുണം ലഭിക്കുമോ: വിശദവിവരം അറിയിക്കാമോ? | സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത് കോമൺ സർവ്വീസ് സെന്ററുകൾ മുഖേനയാണ്. വാർഷിക വിറ്റ് വരവ് ഒന്നര കോടിയിൽ കവിയാത്ത ചെറുകിട വ്യാപാരികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ് |

സെക്ഷൻ ഓഫീസർ